(സി) ഒന്നും നൽകിയിട്ടില്ല.

(ഡി) രണ്ട് കേസ്സുകളാണ് നിലവിലുള്ളത്.

**തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ അവസ്ഥ**

127 (577) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ ;

(ബി) എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗിക കമ്മീഷണിംഗ് 18-5-2010-ന് നടന്നു. അന്നുമുതൽ പ്രതിദിനം 37 ദശലക്ഷം ലിറ്റർ ശുദ്ധജലം അധികമായി തിരുവനന്തപുരം നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമായി വിതരണം ചെയ്തുവരുന്നു. സ്ഥാപിതശേഷിയായ 74 ദശലക്ഷം ലിറ്റർ പ്രതിദിനം വിതരണം നടത്തുന്നതിലേക്കുള്ള നടപടികൾ പുരോഗമിക്കുന്നു. 42 കി.മീ. നീളമുള്ള ട്രാൻസ്മിഷൻ മെയിനിന്റെ ജോലികൾ മിക്കവാറും പൂർത്തിയാക്കികഴിഞ്ഞു. അരിസ്റ്റോ ജംഗ്ഷൻ മുതൽ പാർത്ഥാസ് വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും ലഭിക്കാത്തതിനാൽ ഈ സെക്ട്രച്ചിലേയ്ക്കുള്ള പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടില്ല. സമയബന്ധിതമായി റോഡ് മുറിച്ച് പൈപ്പിടുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ലഭിക്കാത്തതാണ് പദ്ധതി പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. ഈ പദ്ധതിയിൽ 11 ശുദ്ധജല സംഭരണികൾ വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കുന്നുണ്ട്. ഇവയിൽ നാല് എണ്ണം പൂർത്തിയായി, അഞ്ച് സംഭരണികളുടെ നിർമ്മാണ ജോലികൾ അവസാന ഘട്ടത്തിലാണ്. രണ്ട് സംഭരണികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) 31-7-2011-ൽ ഈ പദ്ധതി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ കുടിവെള്ള പദ്ധതികൾ**

128 (578) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2010-11 സാമ്പത്തിക വർഷത്തിൽ സാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly